**Week-2**

# <u>ആത്മീയ സ്വാതന്ത്ര്യത്തിന്റെ സന്ദേശം</u>




## <u>(The Message of Spiritual independence)</u>

ഒരിക്കൽ ഡച്ചുകാരനും ധനികനുമായ ഒരു പിതാവിന്റെ മകൻ വീട് വിട്ട് പുറപ്പെട്ടു. മുടിയനായ പുത്രനെപ്പോലെ തന്റെ വിഹിതം പിതാവിൽ നിന്നും അവൻ വാങ്ങിയിരുന്നു. അതു മുഴുവൻ കൂട്ടുകാരോടൊപ്പം സന്തോഷിച്ച് നശിപ്പിക്കുകയും ചെയ്തു. തുടർന്ന് പട്ടാളത്തിൽ ചേർന്ന് ഇൻഡോനേഷ്യയിലെത്തി. അവിടെനിന്നും തനിക്ക് പണം അയച്ചുതരുവാനായി പിതാവിന് അവൻ കത്തെഴുതി. താമസിയാതെ പിതാവ് മറുപടി എഴുതുകയും ചെയ്തു. സന്തോഷത്തോടെ മറുപടികത്ത് തുറന്നവൻ ചെക്കോ , ഡ്രാഫ്റ്റോ കാണാഞ്ഞതിനാൽ കുപിതനായി ആ കത്ത് ചുരുട്ടി തന്റെ ബാഗിലേക്കെറിഞ്ഞു. കുറെ ദിവസങ്ങൾക്കുശേഷം രോഗബാധിതനായപ്പോൾ അവൻ വീണ്ടും തന്റെ പിതാവിനെ ഓർത്തു. വളരെയധികം ബുദ്ധിമുട്ടി പിതാവയച്ചതും , നാളുകൾക്കുമുമ്പ് താൻ ചുരുട്ടി എറിഞ്ഞതുമായ കത്ത് അവൻ കണ്ടെത്തി വായിച്ചു. അതിലെ വരികൾ ഇപ്രകാരമായിരുന്നു 'നീ ഇപ്പോളായിരിക്കുന്നിടത്ത് നിന്ന് രക്ഷപെടാൻ ആഗ്രഹിക്കുന്നു എങ്കിൽ ഓഗസ്റ്റ് ആദ്യം ക്യാപ്ടൺ പിന്റോയുടെ അടുക്കലെത്തുക, അദ്ദേഹം നിന്നെ വീട്ടിലെത്തിക്കും.' കത്ത് ലഭിച്ചപ്പോൾ വായിച്ചിരുന്നു എങ്കിൽ രക്ഷ ഉറപ്പായിരുന്നു. സമയം നഷ്ടമാക്കിയിട്ട് ഇനി ദു:ഖിച്ചാലും കാര്യമില്ല.

ഈ കഥ വായിച്ചപ്പോൾ എന്റെ ചിന്തയിൽ വന്നത് ഇന്ന് പലരും ഈ യുവാവിനെപ്പോലെയല്ലേ എന്നാണ്. ഇന്ന് മാധ്യമങ്ങളിൽകൂടെയും അല്ലാതെയും വചനം നമ്മിലേക്കെത്തുന്നു. യെഹ:(33:32)ൽ പറയുന്നു 'അവർ നിന്റെ വചനങ്ങളെ കേൾക്കുന്നു ചെയ്യുന്നില്ലതാനും' എന്ന് . 'അവർ സംഘം കൂടി വരുന്നതുപോലെ നിന്റെ അടുക്കൽ വന്ന് എന്റെ ജനമായിട്ടാണ് നിന്റെ

വചനം കേൾക്കുന്നത് എന്നാൽ അവർ അവയെ ചെയ്യുന്നില്ല. യെഹ:(33:31).പാപത്തിന്റെ പിടിയിലകപ്പെട്ട ദൈവമക്കൾ എന്ന് അഭിമാനിക്കുന്നവരും കുടുംബപ്രാർത്ഥനയും വചനധ്യാനവും ഒഴിവാക്കി Facebook, twitter,music,computer games ഇവയുടെ നുകത്തിൻ കീഴിൽ ആയിരിക്കുന്നു. ഈ അവസ്ഥയിൽ രക്ഷനേടുവാനുള്ള സ്വാതന്ത്ര്യത്തിന്റെ സന്ദേശമായ ദൈവവചനം അലക്ഷ്യമായി കേട്ട്, മടുപ്പുളവാക്കുന്ന മുഖഭാവത്തോടെ ഇവർ ഇരിക്കുന്നു. സാത്താന്റെ പിടിയിലകപ്പെട്ടുപോയവർ ആരുടേയും വാക്ക് കേൾക്കാൻ താല്പര്യപ്പെടുകയോ, അനുസരിക്കുകയോ ചെയ്യുന്നില്ല. ഈ കുറച്ചു ദിവസങ്ങളിലെ പത്രവാർത്തകൾ ഇതിന് തെളിവുകളല്ലേ? സമയം നഷ്ടമാക്കിയാൽ ഒരിക്കലും രക്ഷപെടാൻ കഴിയാത്ത വൻഗർത്തത്തിൽ നിപതിക്കും. അതുകൊണ്ട് സുബോധം വന്ന മുടിയൻപുത്രനെ പ്പോലെ എഴുന്നേൽക്കുക. തുടർന്ന് സ്വർഗ്ഗീയ പിതാവിന്റെ അടുക്കലെത്തുക. സുബോധം വന്ന് തന്റെ അടുക്കലെത്തിയ മകനെ നോക്കി സ്വർഗ്ഗം സന്തോഷിക്കും. കുഞ്ഞുങ്ങളെ ! സാത്താന്റെ അടിമത്വത്തിൽ നിന്ന് സ്വർഗ്ഗീയ സന്തോഷം അനുഭവിപ്പാൻ ആത്മീയസന്തോഷം നൽകുന്ന ദൈവവചനം സ്വീകരിക്കുക.

സ്വാതന്ത്ര്യം ആഗ്രഹിക്കാത്തവർ ദൈവീക സന്ദേശം കേൾക്കാത്ത യിസ്രായേൽ മക്കളെപ്പോലെയാണ്. ഇവർ മത്സരികളായി ദൈവീകവാക്കുകൾ(മോശ മുഖാന്തരം അരുളി ചെയ്തവ)അവഗണിച്ചതിനാൽ അവർ അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചില്ല. സ്വാതന്ത്ര്യത്തിന്റെ സന്ദേശം ശ്രവിച്ച് യേശുവിൽ വിശ്വസിക്കുന്ന ഏവരും രക്ഷ പ്രാപിക്കും. എന്നാൽ സദ്വാർത്ത കേട്ടിട്ടും അവഗണിച്ചാൽ ,ദൈവീക നിർദ്ദേശങ്ങൾ അനുസരിക്കാതിരുന്നാൽ സ്വാതന്ത്ര്യം നഷ്ടമാകുക മാത്രമല്ല എരിയുന്ന തീച്ചൂളയിൽ അവസാനിക്കുകയും ചെയ്യും. യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിപ്പാൻ വചനത്തിലെ സന്ദേശങ്ങളെ സ്വീകരിക്കുമെന്ന് തീരുമാനിക്കുവാൻ ദൈവം കൃപ ചെയ്യട്ടെ.



## പ്രാർത്ഥന

പ്രീയ കർത്താവേ ! സ്വതന്ത്രഭാരതത്തെ ഓർത്തും , ഞങ്ങൾക്ക് ഭൗമീക സ്വാതന്ത്ര്യം നേടിത്തന്നവരെ ഓർത്തും സ്തോത്രം ചെയ്യുന്നു. എന്നാൽ ഈ സ്വാതന്ത്ര്യം നഷ്ടമാക്കി ഇന്നത്തെ ജനത പാപത്തിന്റെ ചങ്ങലയാൽ ബന്ധിത രായിരിക്കുന്നു. ഇതിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച്, പാപമില്ലാത്തവരായി ജീവിപ്പാനുള്ള സുബോധം ജനത്തിനു ലഭിപ്പാൻ കൃപ ചെയ്യേണമേ. അതി നായി ദൈവവചനം അനുസരിച്ച് ജീവിപ്പാനുള്ള സൽബുദ്ധി അവർക്ക് നൽകേണമേ. യേശുവിൻ നാമത്തിൽ തന്നേ

ആമേൻ

**Santhamma Varghese**


Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind